ഉത്തരം

എം.എസ്.പി. ബറ്റാലിയനിലെ ഡ്രൈവർ തസ്തികയിലെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ നിലവിൽ ഒഴിവുകളില്ല.

നാദാപുരം മേഖലയിൽ നിലവിലുള്ള കേസുകൾ

171 (3681) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നാദാപുരം മേഖലയിൽ വ്യാപാര സ്ഥാപനങ്ങൾ, വാഹനങ്ങൾ മുതലായവ തീയിട്ടു നശിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത കേസുകളുടെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) പ്രതികളെ കണ്ടെത്തുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ നാദാപുരം മേഖലയിൽ വ്യാപാര സ്ഥാപനങ്ങൾ തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 12 കേസുകളും വാഹനങ്ങൾ തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 26 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ 31 കേസുകളിന്മേൽ അന്വേഷണം പൂർത്തിയാക്കി. 7 കേസുകളിൽ അന്വേഷണം നടന്നുവരുന്നു.

(സി) 9 കേസുകളിൽ പ്രതികളെ കണ്ടെത്തി. മറ്റ് കേസുകളിൽ പ്രതികളെക്കുറിച്ച് വ്യക്തമായ തെളിവോ വിവരങ്ങളോ ലഭിക്കാത്തതുകൊണ്ടാണ് പ്രതികളെ കണ്ടെത്തുന്നതിൽ കാലതാമസം വരുന്നത്.

എം.ബി. ബാലകൃഷ്ണന്റെ കൊലപാതകം

172 (3682) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2013 സെപ്തംബർ 16-ന് കാസർഗോഡ് ജില്ലയിൽ കൊലചെയ്യപ്പെട്ട എം. ബി. ബാലകൃഷ്ണന്റെ വിധവ കെ. വി. അനിത പ്രസ്തുത കൊലപാതക കേസ്സുവാദിക്കുന്നതിന് സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഹർജിയിൽ അനുകൂല നടപടി എടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലെങ്കിൽ വിധവയായ ഹർജിക്കാരിയുടെ അപേക്ഷ പരിഹരിക്കാതിരിക്കാൻ കാരണം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

കൊല ചെയ്യപ്പെട്ട എം.ബി. ബാലകൃഷ്ണന്റെ വിധവ ശ്രീമതി അനിത കെ.വി., സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. നിവേദനം ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചതിൽനിന്നും കോടതി മുമ്പാകെ നിലവിലുള്ള കേസ്സിന്റെ നടത്തിപ്പിന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കേണ്ട അസാധാരണ സാഹചര്യമൊന്നും നിലവിലില്ലെന്നും പ്രസ്തുത കോടതിയിലെ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ മേൽ കേസ്സിന്റെ നടത്തിപ്പിന് അനുയോജ്യനാണെന്നും കൂടാതെ ടിയാളുടെ കേസ് നടത്തിപ്പിനെ സംബന്ധിച്ച് ആക്ഷേപങ്ങളൊന്നുംതന്നെയില്ല എന്ന് വ്യക്തമായതിനെത്തുടർന്ന് പ്രസ്തുത അപേക്ഷ നിരസിച്ചിരുന്നു.

വി.എ. അരുൺ കുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണം

173 (3683) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡ് മാനേജിംഗ് ഡയറക്ടർ ആയിരിക്കെ വി.എ അരുൺ കുമാറിനെതിരെ ഉയർന്ന അഴിമതി ആരോപണം സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണത്തിന്റെ വിവരവും യോഗ്യതയില്ലാത്ത വി.എ.അരുൺകുമാറിനെ ഐ,എച്ച്.ആർ.ഡി അഡീഷണൽ ഡയറക്ടറായി നിയമിച്ചത് സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിന്റെയും പൂർണ്ണ വിവരം വെളിപ്പെടുത്തുമോ;

(ബി) വി.എ. അരുൺകുമാറിനെക്കുറിച്ച് ഉയർന്നിട്ടുള്ള മേൽപ്പറഞ്ഞ മുഴുവൻ ആരോപണങ്ങളെക്കുറിച്ചും വിജിലൻസ് നടത്തുന്ന അന്വേഷണത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ പ്രതിപക്ഷ നേതാവ് വി.എസ് അച്ചുതാനന്ദനെ ചോദ്യം ചെയ്തിട്ടുണ്ടോ എന്ന വിവരം വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) വി.എ. അരുൺകുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണത്തോട് അനുബന്ധിച്ച് അദ്ദേഹത്തെ എത്ര പ്രാവശ്യം ചോദ്യം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly